കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെന്മാറ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി125-788/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail:dopkd.ksad@kerala.gov.in

ഫോൺ- 0491-2520145

തീയതി- 06.07.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെന്മാറ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നെന്മാറ ബ്ലോക്ക് പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **നെന്മാറ ബ്ലോക്ക്** പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും, ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന

ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി25-788/2019 തീയതി 06.07.2019

**<u>പാലക്കാട് ജില്ലയിലെ നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

പാലക്കാട് ജില്ലയിലെ **നെന്മാറ ബ്ലോക്ക്** പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 02.11.2017 മുതൽ 30.04.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.05.2019 മുതൽ 16.05.2019 വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. പ്രീത. യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീമതി. രമാദേവി. പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ. കൃഷ്ണദാസ്. എൻ.വി | ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| പ്രസിഡണ്ട് | |
|---|---|
| ശ്രീ. രാമകൃഷ്ണൻ. പി. വി | 01-11-2015 മുതൽ 31-03-2018 വരെ |
| **സെക്രട്ടറി** | |
| ശ്രീമതി. എം. ജി. രാജലക്ഷ്മി | 01.04.2017 മുതൽ 29.04.2017 വരെ |
| ശ്രീ. എസ്. മണികണ്ഠൻ | 30.04.2017 മുതൽ 13.09.2017 വരെ |
| ശ്രീ. പി. ആർ. ഷിനോദ് | 14.09.2017 മുതൽ 07.07.2017 വരെ |
| ശ്രീ. എസ്. മണികണ്ഠൻ | 08.07.2017 മുതൽ 31.03.2018 വരെ |

## (ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എക്സി. എഞ്ചിനീയർ | ശ്രീ. കെ. മനോജ് കുമാർ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), നെന്മാറ | ഡോ. ഗീത. വി. സി | 01-04-2017 മുതൽ 01-08-2017 വരെ |
| | ഡോ. ഷൈലജ. ജെ. എസ് | 02-08-2017 മുതൽ 28-02-2018വരെ |
| | ഡോ. ജോവിൻ ജോസ് | 01-03-2018 മുതൽ 31-03-2018വരെ |
| സി.ഡി.പി.ഒ | ശ്രീമതി എ.ജി കുമാരി | 01-04-2017 മുതൽ 31-03-2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ മണികണ്ഠൻ. പി | 01-04-2017 മുതൽ 31-03-2018 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ ഫൈസൽ. | 01-04-2017 മുതൽ 04-08- |

| | | |
|---|---|---|
| | ഐ | 2017 വരെ |
| | ശ്രീ സുരേഷ് കുമാർ. എ | 05-08-2017 മുതൽ 31-03-2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. ബി. ബിജു | 01-04-2017 മുതൽ 31-03-2018 വരെ |
| കൃഷി അസി.ഡയറക്ടർ | ശ്രീമതി ബീന ബി.എസ് | 01-04-2017 മുതൽ 13-07-2017 FN വരെ |
| | ശ്രീ സിനീഷ് എം.എസ് | 13-07-2017AN മുതൽ 14-07-2017 FN വരെ |
| | ശ്രീ റഫീക്ക് എം.എ | 14-07-2017 AN മുതൽ 22-09-2017 FN വരെ |
| | ശ്രീമതി ശോഭ എ. മേനോൻ | 22-09-2017 AN മുതൽ 31-03-2018 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ അതുൽ. ആർ | 01-04-2017 മുതൽ 31-03-2018 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം.1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | ആഭ്യന്തരനിയന്ത്രണം |
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 9 | 1-9 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം 2 | | |
| 10 | 2-1 | വനിതാ കാന്റീൻ വാടക -കുടിശ്ശിക നിലനിൽക്കുന്നു- കരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല |
| 11 | 2-2 | കോൺഫറൻസ് ഹാൾ വാടക – സാങ്കേതിക വിദഗ്ധനാൽ നിശ്ചയിക്കേണ്ടതാണ് |
| ഭാഗം 3 | | |
| 11 | 3-1 | വിവിധ പ്ലാൻ ഫണ്ട് അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് PSTSB, |

| | | |
|---|---|---|
| | | STSBഅക്കൗണ്ടുകൾ മാത്രം നിലനിർത്തേണ്ടതാണ് |
| 12 | 3-2 | നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരുപ്പ് തിരിച്ചടക്കേണ്ടതാണ്. |
| 13 | 3-3 | വിവിധ വാങ്ങൽ പദ്ധതികൾ - പ്രൊക്യൂർമെന്റ് നടപടികൾ പാലിച്ചിട്ടില്ല |
| 14 | 3-4 | വനിത ലേബർ ഗ്രൂപ്പിന് കാർഷിക യന്ത്രോപകരണങ്ങൾ - പ്രയോജനപ്പെടുത്തിയില്ല |
| 15 | 3-5 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് |
| 16 | 3-6 | ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി |
| 17 | 3-7 | വിനിയോഗ, പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ് |
| 18 | 3-8 | കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം - അവലോകനം |
| 19 | 3-9 | വിവിധ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണ/പൂർത്തീകരണ കാലതാമസം - നടപടിക്രമങ്ങൾ കൃത്യമാക്കേണ്ടതാണ് |
| 20 | 3-10 | റോഡ് ടാറിംഗ് പ്രവർത്തികൾ - ബിറ്റുമിൻ ബാരൽ വില കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ് |
| 21 | 3-11 | HADA പച്ചക്കറി യൂണിറ്റ്, സ്റ്റോർ റൂം ഇലക്ട്രിഫിക്കേഷൻ - കെട്ടിടം നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിക്കുന്നില്ല |
| 22 | 3-12 | എ.ഇ.ഇ ഓഫീസിലേക്ക് കമ്പ്യൂട്ടർ, സ്കാനർ, ഫോട്ടോ സ്റ്റാറ്റ് മെഷീൻ, അലമാര വാങ്ങൽ - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല, സാമഗ്രികൾ സ്റ്റോക്കിലെടുത്തിട്ടില്ല |
| 23 | 3-13 | ലൈഫ് മിഷനിൽ ഉൾപ്പെട്ട വീടുകളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് |
| 24 | 3-14 | അങ്കണവാടികളിൽ ഔട്ട് ഡോർ കളിസ്ഥല നിർമ്മാണം- വാങ്ങൽ നടപടികൾ സംബന്ധിച്ച് |
| 25 | 3-15 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- ചിലവഴിക്കാത്ത തുക തിരിച്ചടയ്ക്കേണ്ടതാണ്. |
| 26 | 3-16 | പദ്ധതി രൂപീകരണം - വ്യവസായ വികസനം, പട്ടികജാതി വികസന മേഖലകളെ പരിഗണിച്ചില്ല |
| ഭാഗം 4 | | |
| 27 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 28 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 29 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 30 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 31 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 33 | 4-6 | ഓഡിറ്റ് റിക്കവറി |
| 34 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 35 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 36 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് താഴെ പറയും വിധം 28.3.17 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു.

| | |
|---|---|
| പ്രതീക്ഷിത വരവ് | 746700000 |
| പ്രതീക്ഷിത ചെലവ് | 746700000 |

അംഗീകരിച്ച വാർഷിക വികസന പദ്ധതിയോടൊപ്പം ഘടക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ബന്ധപ്പെട്ട ഫയലുകളുടെ അഭാവത്തിൽ നിർണ്ണയിക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 19.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017 - 18 | 12.07.2018 - 13.07.2018 | കെഎസ്എ പികെഡി21/1905(11)2018 തീയതി 29.08.2018 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 36702659 |
| വരവ് | 150182390 |
| ആകെ | 186885049 |
| ചെലവ് | 145026887 |
| നീക്കിയിരിപ്പ് | 41858162 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 54964105 | 54964105 | 48787270 | 6176835 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 21215000 | 21215000 | 20857005 | 357995 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1407000 | 1407000 | 1240935 | 166065 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 6991000 | 6991000 | 3418619 | 3572381 |
| കേന്ദ്രാവിഷ്കൃത ഫണ്ട്- | TSC | 573916 | 62843 | 636759 | 378717 | 258042 |
| | BRGF | 210772 | 7680 | 218452 | 59340 | 159112 |
| | ഹരിയാലി | 254996 | 9656 | 264652 | 0 | 264652 |
| തനത് ഫണ്ട് -ട്രഷറി അക്കൗണ്ട്- (ജനറൽ പർപ്പസ് ഗ്രാന്റ്) | | 6172946 | 3582000 | 9754946 | 4429727 | 1366549 |
| ജോയിന്റ് വെഞ്ചർ (TSB-Housing)- ജില്ലാ പഞ്ചായത്ത് | | 0 | 2204940 | 2204940 | 95000 | 2109940 |
| ടി – ബ്ലോക്ക് പഞ്ചായത്ത് | | 0 | 17931736 | 17931736 | 11576269 | 6355467 |
| ആകെ | | 0 | 20136676 | 20136676 | 11671269 | -431759 (8897166 – Redemption) |
| IAY – പ്ലാൻ(UBI) | | 29489597 | 69563659 | 99053256 | 58981700 | 40071556 |
| IAY (PNB) | | 332 | 5 | 337 | 337 | 0 |
| NABARD RIDF | | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| NABARD RIDF | 100 | 1700000 | 1700100 | 1530090 | 170010 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 118 | 169530665 | 108 (80 എണ്ണം പൂർത്തീകരിച്ചു) | 74303829 | 10 | 67.7 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 20 | 20 | 54834286 | 29739442 | 54 |
| കൃഷി അസി. ഡയറക്ടർ | 3 | 3 | 54232000 | 11990020 | 22 |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 6 | 6 | 1628112 | 1424356 | 87 |
| സി.ഡി.പി.ഒ | 4 | 4 | 2523600 | 1824974 | 72 |
| സീനി.വെറ്ററിനറി സർജ്ജൻ | 3 | 3 | 1500000 | 328838 | 22 |
| അസി.എഞ്ചിനീയർ | 81 | 71 | 50812667 | 28018199 | 55 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 4000000 | 978000 | 24 |
| ആകെ | 118 | 108 | 169530665 | 74303829 | 44.00 |

ആകെ വകയിരുത്തിയ തുകയുടെ 44% ആണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ആസൂത്രണ സമിതിയുടെയും,വർക്കിങ്ങ് ഗ്രൂപ്പുകളുടെയും ഇടപെടൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആസൂത്രണ സമിതി

സ.ഉ(എം.എസ്)നം. 10/17/തസ്വഭവ തിയതി 09-01-2017 പ്രകാരം പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം ഉയർത്തുന്നതിനും ഭരണസമിതിയെ സഹായിക്കാനായി ഒരു ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുവാനും ആസൂത്രണത്തിന് ആവശ്യമായ പഠനങ്ങളും ചർച്ചകളും നടത്തുവാൻ ഭരണസമിതിയെ ആസൂത്രണ സമിതി സഹായിക്കേണ്ടതുണ്ട്. പ്രസിഡണ്ട് അധ്യക്ഷനും സെക്രട്ടറി കൺവീനറും ഒരു വിദഗ്ദൻ ഉപാധ്യക്ഷനുമായി 12 ൽ കുറയാത്ത അംഗങ്ങളുള്ള സമിതിയാണ് രൂപീകരിക്കേണ്ടത്. ബ്ലോക്ക്പഞ്ചായത്തിൽ ആസൂത്രണ സമിതി രൂപീകരിച്ചതിന്റെ രേഖകളോ, യോഗ നടപടിക്രമങ്ങളുടെ മിനുട്സോ ഓഡിറ്റിന് ലഭ്യമായില്ല.

2. വർക്കിംഗ് ഗ്രൂപ്പുകൾ

സാമ്പത്തിക വർഷത്തെ വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സുകൾ തയ്യാറാക്കിയിട്ടില്ല. വിവിധ മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ അടങ്ങുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകൾ അതാത് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടില്ല. 16.11.2017 ലെ സ.ഉ (എം.എസ്)224/2017/ ത.സ്വ.ഭ.വ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കേണ്ടതും, അവസ്ഥാ രേഖകൾ പരിഷ്ക്കരിക്കേണ്ടതുമാണ്.

അതാത് പദ്ധതി ഫയലുകളിലും മോണിട്ടറിങ്ങ് റിപ്പോർട്ട് ഇല്ല. പദ്ധതി നടപ്പാക്കിയതിന് ശേഷം ഓരോ വർക്കിങ്ങ് ഗ്രൂപ്പും മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്.

# 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

# 1-8 ക്ഷേമ പദ്ധതികൾ

ബാധകമല്ല

# 1-9 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന26.04.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ വരവൊന്നുമില്ലെന്ന് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

1. രജിസ്റ്ററുകളുടെയും, രേഖകളുടെയും സൂക്ഷിപ്പ്

എ. ഇൻക്യുമ്പൻസി രജിസ്റ്റർ

ഘടകസ്ഥാപനങ്ങളിലേതടക്കമുള്ള നിർവ്വഹണോദ്യോഗസ്ഥരുടെ സ്ഥിര/ ഔദ്യോഗിക മേൽവിലാസം ഉൾപ്പെടുന്ന മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

ബി. ആസൂത്രണ സമിതി, ബജറ്റ് നടപടിക്രമങ്ങളുടെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

സി. അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികളുടെ പർച്ചേസ് സ്റ്റോക്കിലെടുത്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ ആസ്തിയുടെ മൂല്യം ചേർക്കുന്നില്ല.

ഡി. മരാമത്ത് പ്രവർത്തികളുടെ എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവർത്തി പൂർത്തീകരണ തീയതി , ടെണ്ടർ രജിസ്റ്ററിൽ കൗൺസിൽ തീരുമാനം തുടങ്ങിയവ രേഖപ്പെടുത്തുന്നില്ല.

2. പ്രൊക്യൂർമെന്റ് കമ്മിറ്റി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)259/2010 ത.സ്വ.ഭ.വ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റികൾ സാമ്പത്തിക വർഷത്തെ പർച്ചേസുകൾ സംബന്ധിച്ച് യാതൊരു തീരുമാനങ്ങളും എടുത്തിട്ടില്ല. മേൽ ഉത്തരവനുസരിച്ച് സാമഗ്രികളുടെ വാർഷിക ആവശ്യകത കണക്കാക്കി സമഗ്രമായ ഒരു സമാഹരണ പദ്ധതി പ്രൊക്യൂർമെന്റ് ടീം തയ്യാറാക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് ടീം ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ആസ്തിസംരക്ഷണം
ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.

ഘടക സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)72/2017 ത.സ്വ.ഭ.വ തീയതി 29.03.2017ൽ അനുശാസിക്കും പ്രകാരം ഘടക സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിന് പ്രത്യേകമായി ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. എന്നാൽ സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് ആയത്

തയ്യാറാക്കിയിട്ടില്ല. ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനു മുമ്പായി വിളിച്ചു ചേർക്കുന്ന ഘടകസ്ഥാപനങ്ങളിലെ മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്റ്റുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അത്തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും തന്നെ തൻവർഷം നടന്നിട്ടില്ല.

4. പ്രവർത്തനക്ഷമമല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. 3 നിഷ്ക്രിയ അക്കൗണ്ടുകൾ ഏതു പദ്ധതി പ്രകാരമുള്ളവയാണെന്നതിന് വിവരങ്ങൾ ലഭ്യമല്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.09.2018 മുതൽ 6.09.2018 വരെ | 2017-18 | 19.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.12.2014 മുതൽ 3.01.2015 വരെ | 2009-10 മുതൽ 2013-14 വരെ | 25.03.15 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ (ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്തത്)

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

താഴെ പറയുന്ന പ്രവർത്തനക്ഷമമല്ലാത്ത അക്കൗണ്ടുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ബാങ്ക് | അക്കൗണ്ട് നമ്പർ | പദ്ധതി | അക്കൗണ്ട് ആരംഭിച്ച തീയതി | നീക്കിയിരുപ്പ് |
|---|---|---|---|---|
| കനറാ ബാങ്ക്,കയറാടി | 1794101000763 | DWCRA | 4.04.1989 | 67426 |
| കനറാ ബാങ്ക്,കയറാടി | 1794101000620 | DWCRA | 29.10.1988 | 49681 |
| ഡി. എൽ.ബി നെന്മാറ | 005000100001921 | വിവരം ലഭ്യമല്ല | 7.03.1995 | 30900 |

| | | | | |
|---|---|---|---|---|
| യു.ബി.ഐ നെന്മാറ | 339702010004017 | ടി | 26.03.1999 | 871260 |
| എസ്.ബി.ഐ, നെന്മാറ | 57046616752 | ടി | 31.03.2000 | 244963 |

# ഭാഗം -2
# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വനിതാ കാന്റീൻ വാടകയ്ക്ക് നൽകൽ- കുടിശ്ശിക നിലനിൽക്കുന്നു- കരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതാ കാന്റീൻ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും അനുപമ സ്വയം സഹായ സംഘം സെക്രട്ടറിയുമായി 26.08.2016 തിയതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ ഉടമ്പടിയിലെ ക്രമ നം. 1 പ്രകാരം കാന്റീന്റെ പ്രവർത്തന കാലാവധി 01.09.2016 മുതൽ 11 മാസത്തേക്കായിരിക്കുമെന്നും അതിന് ശേഷം എഗ്രിമെന്റ് പുതുക്കേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലാവധി 31.07.2017 ന് അവസാനിച്ചെങ്കിലും പുതിയ കരാർ ചമച്ചിട്ടില്ല.

കരാർ ഉടമ്പടി ക്രമ നം. 2 പ്രകാരം പ്രതിമാസ വാടക 670 രൂപ എല്ലാ മാസവും 5 -ാമത്തെ പ്രവർത്തി ദിവസത്തിനുള്ളിൽ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കി രശീതി വാങ്ങി സൂക്ഷിക്കേണ്ടതും, എഗ്രിമെന്റ് കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ എഗ്രിമെന്റ് വയ്ക്കേണ്ടതും വാടക നിരക്കിൽ 10% വർദ്ധനവ് വരുത്തുന്നതുമായിരിക്കും എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ എല്ലാ മാസവും 5-ാമത്തെ പ്രവർത്തി ദിവസത്തിനുള്ളിൽ വാടക ഒടുക്ക് വരുത്തിയിട്ടില്ല. 2017 ഏപ്രിൽ മുതൽ 2018 മെയ് വരെയുള്ള കാലയളവിലെ വാടക കുടിശ്ശിക വരുത്തുകയും ചെയ്തിരിക്കുന്നതിനാൽ കരാറിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല.

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഏപ്രിൽ 2017 മുതൽ ഒക്ടോബർ 2017 വരെയുള്ള കുടിശ്ശിക 670 രൂപ നിരക്കിൽ 4690 രൂപ ഈടാക്കിയിട്ടുണ്ട് എന്നും നവംബർ 2017 മുതൽ മെയ് 2018 വരെയുള്ള വാടക കുടിശ്ശിക പുതുക്കിയ നിരക്കിൽ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 2017 ജൂലൈയിൽ കരാർ കാലാവധി അവസാനിച്ചിട്ടുള്ളതിനാൽ 2017 ഓഗസ്റ്റ് മുതൽ 10% വർദ്ധനവ് വരുത്തിയ നിരക്കിലാണ് ഈടാക്കേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മാസം/ വർഷം | ഈടാക്കിയ വാടക | ഈടാക്കേണ്ട തുക | കുടിശ്ശിക തുക/ ഈടാക്കിയതിൽ കുറവ്. |
|---|---|---|---|---|
| 1 | 2017 ഓഗസ്റ്റ് മുതൽ ഒക്ടോബർ വരെ | 670x3=2010 രസീത് നമ്പർ 1309/29/22.10.18 | 737x3=2211 | 201 |
| 2 | 2017 നവംബർ മുതൽ 2018 മാർച്ച് വരെ | ഇല്ല. | 737x5=3685 | 3685 |
| | | | | 3886 |
| 3 | 2018 ഏപ്രിൽ മുതൽ 2018 മെയ് വരെ | ഇല്ല. | 737x2=1474 | 1474 |
| ആകെ | | | | 5360 രൂപ. |

2017-18 സാമ്പത്തിക വർഷത്തെ വാടക കുടിശ്ശിക തുകയായ 3886 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ കാന്റീൻ ഉടമസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. 2018-19 വർഷത്തെ കുടിശ്ശിക തുക 1474 രൂപ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. എഗ്രിമെന്റ് കാലാവധി പൂർത്തിയാകുന്നമുറയ്ക്ക് പുതിയ കരാർ ചമയ്ക്കുന്നതിലും കരാറിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കുന്നതിലും ശ്രദ്ധിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 14/14.05.2019

# 2-2 കോൺഫറൻസ് ഹാൾ വാടക- സാങ്കേതിക വിദഗ്ധനാൽ നിശ്ചയിക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കോൺഫറൻസ് ഹാൾ സർക്കാർ/ ഇതര സർക്കാരുകളുടെ വിവിധ പരിപാടികൾക്കായി വിനിയോഗിച്ചിട്ടുണ്ടെങ്കിലും വാടക ഈടാക്കിയിട്ടില്ല. 2017-18 വർഷത്തിൽ 82 പരിപാടികൾ നടത്തിയിട്ടുള്ളതായി കോൺഫറൻസ് ഹാൾ രജിസ്റ്റർ മറ്റ് അനുബന്ധ രേഖകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തി.

കോൺഫറൻസ് ഹാൾ ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത പരിപാടികൾക്കായി വാടകയ്ക്ക് നൽകുമ്പോൾ നിശ്ചയിക്കപ്പെട്ട നിരക്കിൽ വാടക ഈടാക്കാവുന്നതാണ്. വാടക നിരക്ക് നിശ്ചയിക്കേണ്ടത് സാങ്കേതിക വിദഗ്ധന്റെ ശുപാർശയിന്മേൽ ഭരണസമിതി ചർച്ച ചെയ്ത് അംഗീകരിച്ച തീരുമാനത്തിന്റെ അടിസ്ഥാനത്തിലും

ആവേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഭരണസമിതിയുടെ 22.10.2018 തിയതിയിലെ തീരുമാനം നം 6(1) പ്രകാരമാണ് വാടക നിരക്ക് നിശ്ചയിച്ചിട്ടുണ്ട് എന്നും സാങ്കേതിക വിദഗ്ധന്റെ ശുപാർശ ഇല്ലാതെയാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സാങ്കേതിക വിദഗ്ധന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ച വാടക നിരക്ക് ഭരണസമിതി തീരുമാന സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ പ്ലാൻ ഫണ്ട് അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് PSTSB, STSBഅക്കൗണ്ടുകൾ മാത്രം നിലനിർത്തേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രൊജക്ടുകൾക്കുള്ള തുക നിക്ഷേപിക്കുന്നതിനും, പിൻവലിക്കുന്നതിനുമുള്ള മാർഗ്ഗരേഖ – സ.ഉ(പി)നം. 07/2017/ ഫിൻ തീയതി 23.01.2017 പ്രകാരം സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമാകുന്ന തുകകൾ നിക്ഷേപിക്കുന്നതിന് ഒരു STSB അക്കൗണ്ട് ട്രഷറിയിൽ ആരംഭിക്കാവുന്നതാണ്. മറ്റ് ഫണ്ടുകളൊന്നും ഈ അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതല്ല. സെപ്തംബർ 30 ന മുൻപ് സ്ഥാപനങ്ങൾ ഈ അക്കൗണ്ടിലേക്ക് ഒറ്റത്തവണയായി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതും, ചെക്ക് മുഖേന തുക പിൻവലിക്കാവുന്നതുമാണ്. സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കുവാൻ സാധ്യതയില്ലെന്ന് വിലയിരുത്തുന്ന തുക അതാത് സ്ഥാപനങ്ങളിലേക്ക് ഫെബ്രുവരി 28 നകം തിരികെ നൽകേണ്ടതും, മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. പണമാക്കാത്ത ചെക്കിന്റെ തുക നിലനിർത്താവുന്നതാണ്.

ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ സംയുക്ത പദ്ധതിക്കായി ഒരു പ്ലാൻ അക്കൗണ്ട് നിലനിൽക്കുന്നുണ്ട്. (യു.ബി.ഐ, നെന്മാറ, അക്കൗണ്ട് നം – 339702010003992). ഇതിൽ മുൻ വർഷങ്ങൾ മുതൽ ലഭ്യമായ സംസ്ഥാന വിഹിതം, ഗ്രാമ/ജില്ലാ/

ബ്ലോക്ക്പഞ്ചായത്ത് വിഹിതങ്ങൾ ഉൾപ്പെടുന്നു. പ്രസ്തുത അക്കൗണ്ടിന്റെ 31.03.18 ലെ നീക്കിയിരുപ്പിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 5036639 |
| ജില്ലാപഞ്ചായത്ത് | 8058622 |
| സംസ്ഥാനാവിഷ്കൃതം | 19925000 |
| ബ്ലോക്ക് പഞ്ചായത്ത് | 7051295 |
| ആകെ | 40071556 |

സംയുക്ത പ്രൊജക്ടുകൾക്കായി ലഭ്യമാകുന്ന തുകകൾ നിക്ഷേപിക്കുന്നതിന് ഒരു STSB അക്കൗണ്ട് ട്രഷറിയിൽ നിലവിലുണ്ട്. (അക്കൗണ്ട് നം - 799011400002251) . പ്രസ്തുത അക്കൗണ്ടിലെയും, IAY - പ്ലാൻ അക്കൗണ്ടിലെയും വിനിയോഗം കഴിച്ചുള്ള നിലവിലെ നീക്കിയിരുപ്പ് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 3-2 നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തിരിച്ചടക്കേണ്ടതാണ്

താഴെ പറയുന്ന നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരുപ്പ് അതാത് ഫണ്ടുകളിലേക്ക് തിരിച്ചടച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | പദ്ധതി | ട്രഷറി/ബാങ്ക് | അക്കൗണ്ട് നം | നീക്കിയിരുപ്പ് |
|---|---|---|---|---|
| 1 | DWCRA | കനറാ ബാങ്ക്,കയറാടി | 1794101000763 | 67426 |
| 2 | DWCRA | ടി | 1794101000620 | 49681 |
| 3 | BRGF | ടി | 0810101027201 | 166161 |
| 4 | ഹരിയാലി | PNB, നെന്മാറ | 4322000100043931 | 274037 |
| 5 | വിവരം ലഭ്യമല്ല | DLB, നെന്മാറ | 005000100001921 | 30900 |
| 6 | ടി | UBI, നെന്മാറ | 339702010004017 | 871260 |
| 7 | ടി | SBI, നെന്മാറ | 57046616752 | 244963 |

ക്രമ നമ്പർ 5, 6, 7 പ്രകാരമുള്ള അക്കൗണ്ടുകളുടെ വിശദവിവരങ്ങൾ ലഭ്യമല്ല. ആയത് അന്വേഷണ വിധേയമാക്കി നീക്കിയിരുപ്പ് നിർദ്ദിഷ്ട ഫണ്ടുകളിലേക്ക് തിരിച്ചടക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-3 വിവിധ നിർവ്വഹണോദ്യോഗസ്ഥർ മുഖേനയുള്ള വാങ്ങലുകൾ - പ്രൊക്യൂർമെന്റ് കമ്മിറ്റി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ 08.11.2010 പ്രകാരം സ്ഥാപനത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷം വിവിധ നിർവ്വഹണോദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ താഴെ പറയുന്ന പർച്ചേസുകൾ സംബന്ധിച്ച് കമ്മിറ്റി യാതൊരു തീരുമാനങ്ങളും എടുത്തിട്ടില്ല. പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | അടങ്കൽ | ചെലവ് | നിർവ്വഹണം |
|---|---|---|---|---|
| 1 | ഐ.സി.ഡി.എസ് ഓഫീസിലേക്ക് ഫർണിച്ചർ, ഉപകരണങ്ങൾ | 300000 | 249309 | സി.ഡി.പി.ഒ |
| 2 | സാക്ഷരതാ, തുല്യതാ പഠിതാക്കൾക്ക് പഠനോപകരണങ്ങൾ | 374680 | 365290 | സെക്രട്ടറി |
| 3 | നെന്മാറ സി.എച്ച്.സി യിൽ CCTV സ്ഥാപിക്കൽ | 90000 | 65466 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 4 | നെന്മാറ ഗവ. ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 110000 | 106413 | ടി |
| 5 | വനിതാ ലേബർ ഗ്രൂപ്പിന് കാർഷിക യന്ത്രോപകരണങ്ങൾ | 1445000 | 958000 | കൃഷി അസി.ഡയറക്ടർ |
| 6 | സീനി വെറ്ററിനറി സർജന്റെ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ | 50000 | 50000 | സീനി.വെറ്ററിനറി സർജൻ |
| 7 | എ.ഇ.ഇ ഓഫീസിലേക്ക് കമ്പ്യൂട്ടർ, സ്കാനർ, ഫോട്ടോസ്റ്റാറ്റ് | 300000 | 300000 | അസി.എക്സി.എഞ്ചിനീയർ |

| | | | | |
|---|---|---|---|---|
| | മെഷീൻ, അലമാര വാങ്ങൽ | | | |
| ആകെ | | 2669680 | 2094478 | |

പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ മേൽ പ്രകാരം ആകെ 20,94,478/-രൂപയുടെ പർച്ചേസുമായി ബന്ധപ്പെട്ട് കമ്മിറ്റി യാതൊരു തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വർഷം കമ്മിറ്റി മുഖേനയുള്ള പർച്ചേസ് നടപടിക്രമങ്ങൾ എത്ര കണ്ട് പാലിച്ചിട്ടുണ്ട് എന്ന് വിലയിരുത്തുന്നതിന് ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ചുള്ള പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കുന്നതിനോടൊപ്പം ആയത് മിനുട്സിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. മേൽ മാർഗ്ഗരേഖയനുസരിച്ച് സാമഗ്രികളുടെ വാർഷിക ആവശ്യകത കണക്കാക്കി സമഗ്രമായ ഒരു സമാഹരണ പദ്ധതി വർഷാരംഭത്തിൽ തന്നെ തയ്യാറാക്കി ചെലവുകൾക്കായി തൻ വർഷത്തെ ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് പ്രൊക്യൂർമെന്റ് ടീം ഉറപ്പാക്കേണ്ടതാണ്. ഭാവിയിൽ ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 വനിതാ ലേബർ ഗ്രൂപ്പിനായി വാങ്ങിയ കാർഷിക യന്ത്രോപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.ഡയറക്ടർ, കൃഷി

പ്രൊജക്ട് : 85/2018-വനിത ലേബർഗ്രൂപ്പിന് കാർഷിക യന്ത്രോപകരണങ്ങൾ

അടങ്കൽ - 1445000/-രൂപ (1300000 (വികസന ഫണ്ട്) + 145000 (ഗുണഭോക്തൃ വിഹിതം))

ചെലവ് - 1192207/- (958020/- (വികസന ഫണ്ട്-ബിൽ നം. 8/24-3-18))+ 234187/- (ഗുണഭോക്തൃ വിഹിതം-ചെക്ക് നം. 011812/13-3-18)

പദ്ധതി പ്രകാരം നെന്മാറ ബ്ലോക്കിലെ എവർഗ്രീൻ വനിതാ ലേബർ ബാങ്കിനു വേണ്ടി 4 കാർഷിക യന്ത്രോപകരണങ്ങൾ 1192207/- രൂപ ചെലവഴിച്ച് കേരള ആഗ്രോ

ഇൻഡസ്ട്രീസ് കോർപ്പറേഷൻ(കെയ്കോ) ലിമിറ്റഡ്, കൽമണ്ഡപം, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

ലേബർ ബാങ്കിനു വേണ്ടി വാങ്ങിയ യന്ത്രോപകരണങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. ട്രാക്ടർ അനുബന്ധ യന്ത്രോപകരണങ്ങൾ നം.PKD 537/8.2.2018

1. Tractor - John Deere 5050D 4WD Model - 1

2. Cultivator -Assy 9.Tyne Type. - 1

3. Cultivator -Assy Rigid Type. - 1

4. Trailor -5 Tone - 1

മേൽ സൂചിപ്പിച്ച യന്ത്രോപകരണങ്ങൾ ലക്ഷ്യമിട്ട പ്രകാരം വനിതാ ലേബർ ബാങ്കിന് കൈമാറിയിട്ടുണ്ടോ എന്നും ആയവ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നും പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

<u>എ. വാങ്ങൽ നടത്തുന്നതിനുമുമ്പ് ആവശ്യകത വിലയിരുത്തിയില്ല</u>

ട്രാക്ടറും മറ്റ് യന്ത്രോപകരണങ്ങളും വാങ്ങിയിട്ടുള്ളത് വനിതാ ലേബർ ബാങ്കിന്റെ ആവശ്യപ്രകാരമാണ് എന്നതിനുള്ള രേഖകൾ ഇല്ല. വനിത ലേബർഗ്രൂപ്പ് രേഖാമൂലം പഞ്ചായത്തിനോട് യന്ത്രോപകരണങ്ങൾ ആവശ്യപ്പെട്ടതായും കാണുന്നില്ല.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(പി)നം.80/2017/തസ്വഭവ തിയതി 3-4-17 ലെ ഖ. 8.1 കൃഷി പ്രകാരം കൃഷി ഓഫീസറും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ വനിതാ ലേബർ ഗ്രൂപ്പിന്റെ വാർഷിക ടേൺഓവർ അടിസ്ഥാനമാക്കിയാണ് സബ്സിഡി അനുവദിക്കേണ്ടത്. അപ്രകാരമുള്ള വിലയിരുത്തൽ നടത്തിയതിന് രേഖകൾ ഇല്ല. ലേബർ ബാങ്കിന് മുൻ വർഷങ്ങളിൽ വാങ്ങി നൽകിയ യന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയ ശേഷം വലിയ യന്ത്രങ്ങളുടെ ആവശ്യകത കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്യുന്നുണ്ടെങ്കിൽ മാത്രമേ വലിയ യന്ത്രങ്ങൾ വാങ്ങേണ്ടതുള്ളു എന്നും സബ്സിഡി മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്. കൃഷി ഓഫീസറുടെ അത്തരത്തിലുള്ള റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

<u>ബി. സ്റ്റോക്ക് വിവരം</u>

യന്ത്രോപകരണങ്ങളുടെ ഉടമസ്ഥാവകാശം കൃഷി അസി.ഡയറക്ടറുടെ പേർക്കാണെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലും ഉൾപ്പെടുത്തിയിട്ടില്ല.

സി. യന്ത്രോപകരണങ്ങൾ കൈമാറിയപ്പോൾ എഗ്രിമെന്റ് വെച്ചില്ല

യന്ത്രോപകരണങ്ങൾ കൃഷി അസി.ഡയറക്ടറുടെ പേരിൽ രജിസ്ട്രേഷൻ നടത്തിയ ശേഷം നിയമാനുസൃത എഗ്രിമെന്റ് വെക്കാതെയാണ് 2018 മെയ് മാസത്തിൽ വനിതാ ലേബർ ബാങ്കിന് കൈമാറിയിട്ടുള്ളത്. ആയതിനാൽ തുടർനടത്തിപ്പ് സംബന്ധിച്ച് എന്തൊക്കെ നിബന്ധനകളാണുള്ളതെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ലേബർ ബാങ്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണങ്ങളുടെ വിവരം ഉൾപ്പെടുത്തിയിട്ടുള്ളതായി പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

ഡി. നിലവിലെ സ്ഥിതി

2018 മെയ് മാസത്തിൽ ട്രാക്ടറും മറ്റ് ഉപകരണങ്ങളും വനിതാ ലേബർ ബാങ്കിന് കൈമാറിയിക്കിട്ടിയെങ്കിലും നാളിതുവരെയായും ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. ട്രാക്ടർ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ ഷെഡ്ഡിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മറ്റ് ഉപകരണങ്ങൾ കോമ്പൗണ്ടിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായും ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. എല്ലാ ഉപകരണങ്ങളുടേയും സംരക്ഷണം ഉറപ്പാക്കിയിട്ടില്ല.

വലിയ ട്രാക്ടർ പ്രവർത്തിപ്പിക്കുന്നതിന് അംഗങ്ങൾക്ക് പരീശീലനം ലഭിച്ചിട്ടില്ല എന്നാണ് ലേബർ ബാങ്കിന്റെ വിശദീകരണം.

ഇ. മോണിറ്ററിംഗും തുടർനടപടികളും

യന്ത്രോപകരണങ്ങളുടെ തുടർനടത്തിപ്പ് കൃഷി അനുബന്ധ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പും, വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും വിലയിരുത്തിയിട്ടില്ല.

വരവ്-ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല.

എഫ്. ലേബർ ബാങ്കിന്റെ പ്രവർത്തനം

മഹിളാ കിസാൻ സശാക്തീകരണ(എം.കെ.എസ്.പി) പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് പ്രത്യേകിച്ചും നെൽകർഷകർ അഭിമുഖീകരിക്കുന്ന തൊഴിലാളി ക്ഷാമം ദൂരീകരിക്കുന്നതിനായി ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളെ ഏകോപിപ്പിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് നെന്മാറ ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന എവർഗ്രീൻ വനിതാ ലേബർ ബാങ്ക്. 2014 മെയ് 14 നാണ് വനിതാ ലേബർ ബാങ്കിന്റെ പ്രവർത്തനം ആരംഭിച്ചത്.

ലേബർ ബാങ്കിന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 ൽ പരാമർശിച്ചിട്ടുണ്ട്. 2017-18 വർഷത്തെ സംസ്ഥാന ഓഡിറ്റ്

വകുപ്പിന്റെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4 ൽ അനുകരണീയ മാതൃകകൾ എന്ന വിഭാഗത്തിൽ നെന്മാറ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പ്രസ്തുത ലേബർ ബാങ്കിന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങൾക്ക് മാതൃക പിന്തുടരാവുന്നതാണെന്ന് സമാഹൃത റിപ്പോർട്ടിൽ വിലയിരുത്തിയിട്ടുണ്ട്.

ലേബർ ബാങ്കിന്റെ തുടർപ്രവർത്തനങ്ങൾ കാര്യക്ഷമമാണെന്ന് അധികാരികൾ ഉറപ്പാക്കേണ്ടതുണ്ട്.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

1. കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗത്തിനുള്ള നിബന്ധനകൾ പ്രസിദ്ധപ്പെടുത്തേണ്ടതും ലേബർ ബാങ്കുമായി എഗ്രിമെന്റ് ഒപ്പുവെക്കേണ്ടതുമാണ്.

2. യന്ത്രോപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം 11.92 ലക്ഷം രൂപ പാഴ്ച്ചെലവായി തീരുന്നതാണ്.

3. യന്ത്രോപകരണങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. വാങ്ങലുകൾക്കു മുമ്പ് സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

5. യഥാർത്ഥ ആവശ്യകത വിലയിരുത്താതെ യന്ത്രോപകരണങ്ങൾ വാങ്ങിയതിനാലും തുടർ നടത്തിപ്പിനാവശ്യമായ പരിശീലനം നൽകാതിരുന്നതിനാലുമാണ് യന്ത്രങ്ങൾ നിഷ്ക്രിയാവസ്ഥയിൽ ആയിത്തീർന്നിട്ടുള്ളതെന്ന് വിലയിരുത്തുന്നു. ആയതിനാൽ ആവശ്യമായ പരിശീലനം ലേബർ ബാങ്ക് അംഗങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. മാതൃകാപരമെന്ന് വിലയിരുത്തപ്പെട്ടിട്ടുള്ള എവർഗ്രീൻ ലേബർ ബാങ്കിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ എല്ലാ പിന്തുണയും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കൃഷി വകുപ്പിൽ നിന്നും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

7. ലേബർ ബാങ്കിന്റെ ആവശ്യകതകൾ വിലയിരുത്തുകയും വരവ്-ചെലവ് കണക്കുകൾ കാലികമാക്കി സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും യന്ത്രോപകരണങ്ങളുടെ ഉപയോഗം വിലയിരുത്തുകയും ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി കാർഷിക മേഖലയ്ക്ക് നൽകുന്ന പിന്തുണ തുടരുവാനുള്ള പ്രചോദനം നൽകുവാൻ അധികാരികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.7/10.5.2019 നള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.




ഉപയോഗപ്രദമാക്കാതെ സൂക്ഷിച്ചിട്ടുള്ള ട്രാക്ടർ

# 3-5 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.ഡയറക്ടർ, കൃഷി

പദ്ധതി - നെൽകൃഷിക്ക് കൂലിചെലവ് (5/18)

ചെലവ് - 10944500/-

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകിയതിൽ താഴെ പറയുന്ന പഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതണ്.

| പഞ്ചായത്ത് | തുക | ട്രഷറി ബിൽ |
|---|---|---|
| വണ്ടാഴി | 1501500 | 4/11.12.17 |

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | | |
| പല്ലശ്ശനഗ്രാമപഞ്ചായത്ത് | 1662500 | 5/11.12.17 |
| നെന്മാറ ഗ്രാമപഞ്ചായത്ത് | 2450000 | 7/29.12.17 |

എലവഞ്ചേരി ഗ്രാമപഞ്ചായത്തിന് അനുവദിച്ച 2450000/-രൂപയിൽ (ട്രഷറി ബിൽ നം.3/11.12.17) 2245666/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രമാണ് ഉള്ളത്. ചെലവഴിക്കാതെ അവശേഷിക്കുന്ന 204334/-രൂപ തിരിച്ചടവാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 7/10.5.2019 ) മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് കാലതാമസമില്ലാതെ സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-6 ടെണ്ടർ നടപടികൾ സ്വീകരിക്കാതെ വാങ്ങൽ നടത്തി

നിർവ്വഹണം – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

പ്രൊജക്ട് നം – 19/18 – സാക്ഷരതാ തുല്യത പഠിതാക്കൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ

ചെലവ് - 365290/- രൂപ.

ആകെ ചെലവിൽ 55965/-രൂപയുടെ (ട്രഷറി ബിൽ നം.44/5.2.2018) കമ്പ്യൂട്ടർ,പ്രിന്റർ എന്നിവ സാക്ഷരതാ നോഡൽ കേന്ദ്രത്തിലേക്ക് വാങ്ങിയിരിക്കുന്നത് കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻററർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയുടെ റേറ്റ് കോൺട്രാക്ട് ഇല്ലാത്ത സ്ഥാപനമായ KSIE Ltd നിന്ന് നേരിട്ട് വാങ്ങിയത് പ്രോക്യൂർമെന്റ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്.

വാങ്ങലുകളിൽ സ.ഉ(പി)നം.259/2010/എൽ.എസ്.ജി.ഡി തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-7 വിനിയോഗ,പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾക്ക് ബ്ലോക്ക് വിഹിതം നൽകിയതിന്റെ വിനിയോഗസാക്ഷ്യപത്രം, പദ്ധതികളുടെ പൂർത്തീകരണം, നിലവിലെ സ്ഥിതി എന്നിവ ലഭ്യമായിട്ടില്ല.

| പദ്ധതി | ട്രഷറി ബിൽ | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|
| ഗ്യാസ് ക്രിമിറ്റോറിയം അയിലൂർ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം നൽകൽ (15/18) | 32/21.11.17 | 5547200 | അയിലൂർ പഞ്ചായത്ത് |
| പനങ്ങാട്ടിരി- ചേപ്പലോട് റോഡ്(NABARD, RIDF) ബ്ലോക്ക് വിഹിതം നൽകൽ(29/18) | 4/11.7.17 | 700000/- | തുക പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 61400000023 Special TSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്. |
| മോഴപ്പാറ കുടിവെള്ള പദ്ധതി(ബ്ലോക്ക് വിഹിതം നൽകൽ(30/18/) | 13/23.9.17 | 300000/- | സെക്രട്ടറി എലവഞ്ചേരി ഗ്രാമപഞ്ചായത്ത് |
| മണ്ഡപംകുടം കുടിവെള്ള പദ്ധതി (ബ്ലോക്ക് വിഹിതം നൽകൽ(31/18/) | 14/23.9.17 | 250000/- | |
| പെരിങ്ങോട്ടുകാവ് കുടിവെള്ള പദ്ധതിബ്ലോക്ക് വിഹിതം നൽകൽ(32/18) | 15/23.9.17 | 250000/- | |
| കൗഢത്തറ കുടിവെള്ള പദ്ധതി-ബ്ലോക്ക് വിഹിതം നൽകൽ(33/18) | 16/23.9.18 | 300000/- | |
| കരിപ്പായി കുടിവെള്ള പദ്ധതി-ബ്ലോക്ക് വിഹിതം നൽകൽ(36/18) | 22/11/10/17 | 1000000/- | സെക്രട്ടറി ജില്ലാ പഞ്ചായത്ത് |
| കരിപ്പായി കണ്ടൻ പറമ്പ് റോഡ് പുനരുദ്ധാരണം ബ്ലോക്ക് വിഹിതം നൽകൽ(41/18) | 17/23.9.17 | 300000/- | സെക്രട്ടറി എലവഞ്ചേരി ഗ്രാമപഞ്ചായത്ത് |
| ഭാരതപുഴ സംരക്ഷണം(127/18) | 31/14.11.17 | 40000/- | സെക്രട്ടറി ജില്ലാ പഞ്ചായത്ത് |

ഓഡിറ്റ് അന്വേഷണം നം.21/15.5.2019 നൽകിയിതിന് മറുപടിയിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ആയവ ലഭ്യമാക്കേണ്ടതാണ്.

# 3-8 കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം - അവലോകനം

2017-18 സാമ്പത്തിക വർഷത്തിൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹിച്ച 71 മരാമത്ത് പ്രവർത്തികളിൽ 37 എണ്ണം കുടിവെള്ളപദ്ധതികളാണ്. മരാമത്ത് പ്രവർത്തികളുടെ ആകെ ചെലവായ 28018199/-രൂപയിൽ 11779706/-രൂപ കുടിവെള്ളപദ്ധതികൾക്കായാണ് ചെലവഴിച്ചിട്ടുള്ളത്. (42%)

ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിച്ച കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം, നിലവിലെ പ്രവർത്തനക്ഷമത, പദ്ധതി നിർവ്വഹണത്തിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച ശുപാർശകൾ, വർക്കിങ്ങ് ഗ്രൂപ്പ് (കുടിവെള്ളം/ ശുചിത്വം) നിർദ്ദേശങ്ങൾ, ഇവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതിന്റെ രേഖകൾ, ജലനിധി പദ്ധതി നടപ്പാക്കിയ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം എന്നീ വിഷയങ്ങൾ പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്. ആയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നിർവ്വഹണത്തിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭകളിൽ ശുപാർശകൾ സമർപ്പിച്ചു കാണുന്നുണ്ടെങ്കിലും, ബ്ലോക്ക് പഞ്ചായത്ത് വർക്കിങ്ങ് ഗ്രൂപ്പ് (കുടിവെള്ളം/ശുചിത്വം ) നിർദ്ദേശങ്ങൾ ലഭ്യമല്ല. സാമ്പത്തിക വർഷത്തെ വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സ് തയ്യാറാക്കിയിട്ടില്ല.

2. കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം, നിലവിലെ പ്രവർത്തനക്ഷമത

ആകെ നടപ്പിലാക്കിയ 37 പദ്ധതികളിൽ 33 എണ്ണം പൂർത്തീകരിച്ചു. ഇവയെല്ലാം തന്നെ പ്രവർത്തനക്ഷമമാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണത്തിന് (നം - 3/9.05.19) മറുപടി സമർപ്പിച്ചിട്ടുണ്ട്. ഫലപ്രദമല്ലാത്ത പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ട് | ഗ്രാമപഞ്ചായത്ത് | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 54 | ഇടപ്പാടം-നീലംകോട് | അയിലൂർ | 452993 | 93846 | പദ്ധതി പൂർത്തീകരിച്ചില്ല |
| 2 | 58 | നെല്ലിയാംപാടം | മേലാർകോട് | 435692 | 79014 | 2 ബോർവെല്ലുകൾ കുഴിച്ചെങ്കിലും ആവശ്യത്തിന് വെള്ളം ലഭ്യമാകാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു. |
| 3 | 68 | കൊക്കോട് | നെന്മാറ | 462528 | 89228 | ഒരു ബോർവെൽ കുഴിച്ചെങ്കിലും ആവശ്യത്തിന് വെള്ളം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ലഭ്യമായില്ല. രണ്ടാമത്തെ ബോർവെല്ലിന് സ്ഥാനനിർണ്ണയം നടത്തിയത് ഹൈടെൻഷൻ ഇലക്ട്രിക് ലൈനിന് താഴെയാണ്.ആയതിനാൽ ബോർവെൽ കുഴിക്കാൻ സാധിച്ചിട്ടില്ല. |
| 4 | 107 | കവറകുളമ്പ്- | നെന്മാറ | 390472 | 182019 | 2 ബോർവെല്ലുകൾ കുഴിച്ചെങ്കിലും ആവശ്യത്തിന് വെള്ളം ലഭ്യമാകാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു. |
| ആകെ ചെലവ് | | | | | 444107/- | |

ഭൂഗർഭ ജല വകുപ്പിന്റെ സർവ്വെയുടെ അടിസ്ഥാനത്തിലാണ് പ്രവർത്തികൾ നിർവ്വഹിച്ചിട്ടുള്ളതെങ്കിലും മേൽക്കാരണങ്ങളാൽ 444107/- രൂപ പാഴ് ചെലവായി തീർന്നു.

3. പൂർത്തീകരിച്ച 33 പദ്ധതികളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

4. നെന്മാറ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളായ പല്ലശ്ശന, എലവഞ്ചേരി എന്നിവിടങ്ങളിൽ ജലനിധി പദ്ധതി I, II ഘട്ടങ്ങൾ പൂർത്തീകരിച്ചതായും, നെന്മാറ, അയിലൂർ എന്നിവിടങ്ങളിൽ I -ാം ഘട്ടം പൂർത്തീകരിച്ചതായും പ്രസ്തുത പഞ്ചായത്തുകളുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം -12/13.05.19). ഈ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ കുടിവെള്ളപദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ട് | ഗ്രാമപഞ്ചായത്ത് | അടങ്കൽ | തൻ വർഷത്തെചെലവ് |
|---|---|---|---|---|---|
| 1 | 42 | എം.കെ തറ | പല്ലശ്ശന | 451307 | 403473 |
| 2 | 46 | ചാട്ടിയോട് | നെന്മാറ | 844933 | 90447 |
| 3 | 49 | കയറാടി-കല്ലമ്പറമ്പ് | അയിലൂർ | 468879 | 87005 |
| 4 | 51 | കക്കോട്ടുപറമ്പ്-പതിയപ്പടി | ടി | 445726 | 66349 |
| 5 | 53 | ചക്രായി-നൂറം | ടി | 459201 | 89656 |
| 6 | 54 | ഇടപ്പാടം-നീലംകോട് | ടി | 452993 | 93846 |
| 7 | 57 | തല്ലപറമ്പ് | നെന്മാറ | 455412 | 371867 |
| 8 | 61 | കേലക്കോട് | എലവഞ്ചേരി | 537503 | 428813 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| 9 | 62 | ഋറ്റിപ്പാടം | ടി | 512645 | 419714 |
| 10 | 66 | കളത്തിങ്കൽ മേൽവീട് | പല്ലശ്ശന | 440149 | 345853 |
| 11 | 67 | കവളപ്പാറ | നെന്മാറ | 624499 | 610482 |
| 12 | 68 | കോക്കാട് | ടി | 462528 | 89228 |
| 13 | 69 | വക്കാവ് | ടി | 440543 | 341552 |
| 15 | 87 | ചെമ്മന്തോട് | ടി | 889688 | 85578 |
| 16 | 96 | പുത്തൻചള്ള എസ്.ടി കോളനി | അയിലൂർ | 577660 | 233935 |
| 17 | 98 | ഇടപ്പാടം-കിഴക്കുമുറി | ടി | 353241 | 352907 |
| 18 | 101 | പുത്തൻതോട്ടം | നെന്മാറ | 449689 | 449689 |
| 19 | 106 | ചാട്ടപ്പാറ തിരിഞ്ഞക്കോട് | അയിലൂർ | 1000000 | 553326 |
| 20 | 107 | കവറകുളമ്പ് | നെന്മാറ | 390472 | 182019 |
| 21 | 110 | ചെമ്പോട് ചീതാവ് | അയിലൂർ | 447761 | 423940 |
| 22 | 114 | പാറക്കളം | പല്ലശ്ശന | 416422 | 405331 |
| 23 | 137 | ചേപ്പാടം വടശ്ശേരിക്കളം | ടി | 500000 | 405772 |

ജലനിധി പദ്ധതി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ പിന്നീട് ബ്ലോക്ക് പഞ്ചായത്ത് കുടിവെള്ളപദ്ധതികൾ ഏറ്റെടുക്കേണ്ടതില്ല എന്ന് 13-ാം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ആയതിന് വിരുദ്ധമായി കുടിവെള്ളപദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 17/14.05.19) നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

ജലനിധി പദ്ധതികൾ പഞ്ചായത്തുകളിലെ ചില വാർഡുകളിൽ മാത്രം പരിമിതപ്പെടുത്തിയാണ് നിർവ്വഹിക്കുന്നത്. 2017-18 വർഷത്തെ രൂക്ഷമായ ജലദൗർലഭ്യം പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരമാണ് പ്രവർത്തികൾ ഏറ്റെടുത്തിട്ടുള്ളത്.

മറുപടിയിൽ പരാമർശിച്ചിട്ടുള്ള പ്രത്യേക സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തി പദ്ധതിനിർവ്വഹണത്തിന് മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതായിരുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പൂർത്തീകരിച്ച 33 പദ്ധതികളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ കുടിവെള്ള പ്രൊജക്ടുകളുടെയും തുടർനടത്തിപ്പ് അതാത് ഗുണഭോക്തൃ കമ്മിറ്റികൾക്കാണ്.

2. 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ) നം, 11/2018 ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരം ജലനിധി പദ്ധതി നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക്/ ജില്ലാ/ഗ്രാമ പഞ്ചായത്തുകൾ കുടിവെള്ളപദ്ധതികൾ ഏറ്റെടുക്കരുതെന്ന് നിഷ്കർഷിക്കുന്നു. ആയതിനാൽ ഗ്രാമസഭാ ശുപാർശ, വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശം എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹിക്കേണ്ടുന്ന പ്രത്യേക സാഹചര്യങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്.

3. പദ്ധതി മാർഗ്ഗ നിർദ്ദേശ പ്രകാരം എല്ലാ കുടിവെള്ള പ്രൊജക്ടുകൾക്കും പരമാവധി ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തുവാനും, ജല വിഭവ സംരക്ഷണ പ്രൊജക്ടുകൾ ഹരിത മിഷനുമായി സംയോജിപ്പിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 3-9 വിവിധ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണ/പൂർത്തീകരണ കാലതാമസം - നടപടിക്രമങ്ങൾ കൃത്യമാക്കേണ്ടതാണ്

സ്ഥല ലഭ്യത, വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രം എന്നിവ ഉറപ്പാക്കാതെയും പദ്ധതി പ്രദേശത്തെ സാധ്യതകൾ വിലയിരുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കാതെയും 2016-17 വർഷം മുതൽ കരാർ ചമച്ചിട്ടുള്ള പല പ്രവർത്തികളും 2018-19 വർഷത്തേക്ക് സ്പിൽ ഓവറായി തുടർന്ന് നിർവ്വഹിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

I. കയറാടി - കല്ലുംപറമ്പ് കുടിവെള്ളപദ്ധതി - പദ്ധതി പ്രദേശത്തെ സാധ്യത വിലയിരുത്തിയില്ല

| | | |
|---|---|---|
| പ്രൊജക്ട് നം | 49/18 (ജനറൽ) | |
| അടങ്കൽ | 468879 | |
| എം.ബി | 28/17-18 | |
| ചെലവ് | തുക | ബിൽ നം/തീയതി |
| | 87005 | 37/20.01.18 |
| 2018-19 വരെ ആകെ ചെലവ് | 467904 | |

മേൽ പദ്ധതി പ്രകാരം അയിലൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബോർവെൽ, 5HPസബ്മെഴ്സിബിൾ മോട്ടോർ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിക്ക് 29.07.17 ന് സാങ്കേതികാനുമതി ലഭ്യമായതിൽ

(LSGD/TS/2017-18/83064) പൂർത്തീകരണ കാലാവധി 9 മാസമാണ്. കരാറുകാരനുമായി 21.10.17 ൽ കരാറിലേർപ്പെട്ടുകയും ചെയ്തു.

പദ്ധതി പ്രകാരം 1.12.17ൽ ഭൂഗർഭ ജല വകുപ്പിന്റെ സർവ്വെ അനുസരിച്ച് 87005/- രൂപ ചെലവിൽ ബോർവെൽ കുഴിച്ചെങ്കിലും വെള്ളം ലഭ്യമായില്ല. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 10.01.18 ലെ 2(4)-ാം നമ്പർ തീരുമാനം പ്രകാരം രണ്ടാമതൊരു ബോർവെൽ കുഴിക്കുന്നതിന് തീരുമാനമെടുത്തതനുസരിച്ച് 13.03.18 ലെ ഭൂഗർഭ ജല വകുപ്പിന്റെ സർവ്വെയുടെ അടിസ്ഥാനത്തിൽ ബോർവെൽ കുഴിച്ചെങ്കിലും വീണ്ടും വെള്ളം ലഭ്യമായില്ല. ഇപ്രകാരം 2 ബോർവെല്ലുകൾക്കുമായി ആകെ 186969/-രൂപ ചെലവഴിച്ചുവെങ്കിലും ഫലം കണ്ടില്ല. 6.12.18 ന് പദ്ധതി പൂർത്തീകരിച്ചതായി എം-ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.03.18 ലെ തീരുമാനം നമ്പർ 1(2) ലെ ഉള്ളടക്കം താഴെ ചേർക്കുന്നു.

"അയിലൂർ ഗ്രാമപഞ്ചായത്ത് പദ്ധതി പ്രദേശത്ത് മുൻപ് തന്നെ നിലവിലുള്ള ഗ്രാമപഞ്ചായത്തിന്റെ ബോർവെൽ ഉപയോഗിച്ച് ടി പദ്ധതി നടപ്പിലാക്കുന്നിന് അയിലൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി അനുമതി നൽകാമെന്ന് അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത ബോർവെൽ ഉപയോഗിച്ച് പദ്ധതി നടപ്പാക്കുന്നതിന് അടങ്കൽ തുകയിൽ മാറ്റം വരുത്താതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതാണ്." ഇതനുസരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കി 6.12.18 ന് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റിന്റെ വിലയിരുത്തൽ താഴെ ചേർക്കുന്നു.

1. പദ്ധതി പ്രദേശം പരിശോധിച്ച് സാധ്യതകൾ വിലയിരുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

2. കുടിവെള്ളപദ്ധതികൾ ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയാണെന്നിരിക്കെ ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിൽ ആദ്യം തന്നെ പദ്ധതിയുടെ ഫലപ്രദമായ പൂർത്തീകരണം ഉറപ്പാക്കാമായിരുന്നു. അപ്രകാരം ചെയ്യാത്തതിനാൽ പദ്ധതി പൂർത്തീകരണം നീണ്ടുപോവുകയും ചെയ്തു.

II. ചാട്ടപ്പാറ തിരിഞ്ഞക്കോട് കുടിവെള്ളപദ്ധതി - സ്ഥല ലഭ്യത ഉറപ്പാക്കാത്തതിനാൽ 2016-17ലെ സ്പിൽ ഓവർ പദ്ധതി പൂർത്തീകരിക്കാനായില്ല

| | |
|---|---|
| പ്രൊജക്ട് നം | SO 106/18 (ജനറൽ) |
| അടങ്കൽ | 1000000 |
| | |

| | | |
|---|---|---|
| എം.ബി | 53/16-17 | |
| ചെലവ് | തുക | ബിൽ നം/തീയതി |
| | 373940 | 37/20.01.18 |

മേൽ പദ്ധതി പ്രകാരം അയിലൂർ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള കുടിവെള്ളപദ്ധതിക്ക് 2 ഓവർ ഹെഡ് വാട്ടർ ടാങ്കുകൾ (ചാട്ടപ്പാറ-ht.-5m, തിരിഞ്ഞക്കോട് - ht.-3m, capacity-5000 litres), PVC, GI പൈപ്പുകൾ, GI പൈപ്പ് ഫിറ്റിങ്ങ്സ് എന്നിവ സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിക്ക് 16.03.17 ന് സാങ്കേതികാനുമതി ലഭ്യമായതിൽ (LSGD/TS/2017-18/24058) പൂർത്തീകരണ കാലാവധി 5 മാസമാണ്. കരാറുകാരനുമായി 31.03.17 ൽ കരാറിലേർപ്പെടുകയും (40/16-17) ചെയ്തു.

പദ്ധതി കാലാവധി ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥൻ 16.12.17 ന് നെന്മാറ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ ടി പ്രവർത്തിക്കായി വാട്ടർടാങ്കിനുള്ള സ്ഥലം നാളിതുവരെ നിജപ്പെടുത്തി തന്നിട്ടില്ലാത്തതിനാൽ സ്ഥലം നിശ്ചയിച്ച് 5 മാസം വരെ കാലാവധി നീട്ടി നൽകുവാൻ അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ 19.12.17 ലെ ബ്ലോക്ക് പഞ്ചായത്ത് തീരുമാനം 6(5) പ്രകാരം പദ്ധതിക്കായി കുഴൽക്കിണർ കുഴിക്കുന്നതിന് സ്ഥലം നിജപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളത്. ആയത് തിരുത്തുവാൻ ആവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥൻ 24.02.18 വീണ്ടും അപേക്ഷിച്ചതനുസരിച്ച് 19.03.18 ലെ തീരുമാനം നം- 1(3) പ്രകാരം മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി പുതുക്കിയ തീരുമാനമെടുത്തിട്ടുള്ളത്.

സൈറ്റ് കരാറുകാരന് 27.2.18ന് കൈമാറിയിട്ടുണ്ട്. എം-ബുക്ക് പരിശോധിച്ചതിൽ 15.3.18 ൽ പദ്ധതി ഭാഗികമായി പൂർത്തീകരിച്ച് 373940/-രൂപ ആദ്യ പാർട്ട് ബില്ലായി കരാറുകാരന് നൽകിയിട്ടുണ്ട്. 179386/- രൂപയുടെ രണ്ടാമത്തെ ബിൽ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടതിനാൽ പദ്ധതി 2018-19 ൽ സ്പിൽ ഓവറായി തുടർന്നിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 7.02.18 ലെ തീരുമാനം നം- 1(6) പ്രകാരം നിലവിലെ ബോർവെല്ലിലെ മോട്ടോർ കപ്പാസിറ്റി കുറവായതിനാൽ അടങ്കൽ തുകയിൽ മാറ്റം വരുത്താതെ മോട്ടോറും, അനുബന്ധ സാമഗ്രികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് 2018 -19 ൽ ചാട്ടപ്പാറ തിരിഞ്ഞക്കോട് സമഗ്ര കോളനി വികസനത്തിന്റെ ഭാഗമായി (അടങ്കൽ - 5 ലക്ഷം, ചെലവ് - 225937)-Project no – 139/19നിലവിലെ ബോർവെല്ലിലെ മോട്ടോർ കപ്പാസിറ്റി കൂട്ടിയിട്ടുണ്ട്.

ഓഡിറ്റ് വിലയിരുത്തൽ

1. ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭൂമി പൂർണ്ണമായും വിട്ടുകിട്ടി എന്ന് ഉറപ്പാക്കിയില്ല.

2. 31.03.17 ന് കരാറിലേർപ്പെട്ട് സ്ഥലം നിജപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 19.03.18 ൽ ഒരു വർഷത്തിനു ശേഷം മാത്രമാണ് തീരുമാനമെടുക്കുന്നത്.

കേരളാ പൊതു മരാമത്ത് ചട്ടം – 8(1) പ്രകാരം ഒരു പ്രവർത്തിയുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭൂമി പൂർണ്ണമായും വിട്ടുകിട്ടി എന്ന് ഉറപ്പാക്കേണ്ടതാണ്. എന്നാൽ റോഡ് പ്രവർത്തികളിൽ 60% ഭൂമി മാത്രമേ വിട്ടുകിട്ടിയുള്ളൂ എങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ടെണ്ടർ ചെയ്യാവുന്നതാണ്. ബാക്കി ഭൂമി നിർമ്മാണ സമയത്ത് ലഭ്യമാക്കേണ്ടതാണ്.

3. ടാങ്കുകൾ സ്ഥാപിക്കുന്നതിനു മുൻപെ നിലവിലെ ബോർവെല്ലിലെ മോട്ടോർ കപ്പാസിറ്റി പരിശോധിച്ച് ആയതിന്റെ പ്രവർത്തനശേഷി നിർണ്ണയിച്ച് ആവശ്യമായ സ്പെസിഫിക്കേഷനുകൾ ആദ്യ എസ്റ്റിമേറ്റിൽത്തന്നെ ഉൾപ്പെടുത്താമായിരുന്നു. കുടിവെള്ള പദ്ധതികൾ നിർദ്ദിഷ്ട സമയത്തു തന്നെ ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ നിർവ്വഹിക്കേണ്ടതാണ്.

III. മുടപ്പല്ലൂർ കുന്നുപറമ്പ് നായ്ക്കർകാട് റോഡ് ടാറിങ്ങ്

| | | |
|---|---|---|
| പ്രൊജക്ട് നം | SO 100/18 (ജനറൽ) | |
| അടങ്കൽ | 494328 | |
| എം.ബി | 47/16-17 | |
| ചെലവ് | തുക | ബിൽ നം/തീയതി |
| | 490521 | 41/9.02.18 |

വണ്ടാഴി ഗ്രാമ പഞ്ചായത്തിൽ നിർവ്വഹിച്ച മേൽ പദ്ധതിക്ക് 20.11.16 ന് സാങ്കേതികാനുമതി ലഭ്യമായതിൽ (LSGD/TS/2016-17/48554) പൂർത്തീകരണ കാലാവധി 5 മാസമാണ്. ഇറിഗേഷൻ വകുപ്പിൽ നിന്ന് അനുമതി ലഭ്യമാക്കാതെ തന്നെ കരാറുകാരനുമായി 14.02.17 ൽ കരാറിലേർപ്പെടുകയും (25/16-17) ചെയ്തു. 2.03.17 നാണ് നിർവ്വഹണോദ്യോഗസ്ഥൻ ഇറിഗേഷൻ വകുപ്പിലേക്ക് അനുമതിക്കായി അപേക്ഷിച്ചിട്ടുള്ളത്. പിന്നീട് 7 മാസത്തിനു ശേഷം അനുമതി ലഭ്യമായി ഇറിഗേഷൻ വകുപ്പുമായി 25.09.17 ൽ മാത്രമാണ് കരാറിലേർപ്പെടുന്നത് (2/MISC/17-18). 20.01.18 ൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് വിലയിരുത്തൽ

പദ്ധതി പൂർത്തീകരണ കാലാവധിയും കഴിഞ്ഞാണ് ഇറിഗേഷൻ വകുപ്പുമായി കരാറിലേർപ്പെടുന്നത്. പദ്ധതികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കുന്നതിനോടൊപ്പം തന്നെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രവും ലഭ്യമാക്കേണ്ടതാണ്.

പദ്ധതി രൂപീകരണ, നിർവ്വഹണ ഘട്ടങ്ങളിൽ 1997 ലെ കേ.പ.ര (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ -ജി.ഒ(പി)13/2012/PWD/01.02.2012 എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. ആയതിലേക്ക് പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-10 റോഡ് ടാറിംഗ് പ്രവൃത്തികൾ- ബിറ്റുമിൻ ബാരൽ വില കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്

2017-18 ൽ പൂർത്തീകരിച്ചിട്ടുള്ള (സ്പിൽ ഓവർ & പുതിയവ) റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumen rates) താഴെ പറയുന്ന റോഡ് മെയിന്റനൻസ് പ്രവൃത്തികളിൽ ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/ | ബിൽ നം, തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | കരാറുകാരൻ -ശ്രീ. സി. പ്രസാദ് | | | |
| | SO 115/18- ഇട്ടിയംപാറ റോഡ് ടാറിംഗ് | 1/30.6.17 - 541783/-, 28/16-17 | SS1 – 416.93<br>RS1- 134.87<br>VG-30– 1034.96 | 3<br>1<br>7 |

| | | | | |
|---|---|---|---|---|
| | | | ആകെ | 11 |
| | കരാറുകാരൻ - ശ്രീ. വി.ഗണേശൻ | | | |
| 2 | SO 113/18- മുരുക്കുളി - അന്നക്കോട് റോഡ് ടാറിംഗ്, | 5/-530724, 34/16-17 | SS1-363.34<br>VG-30-902.03<br>RS1-117.56 | 2<br>6<br>1 |
| ആകെ | | | | 9 |
| കരാറുകാരൻ - ശ്രീ. സേതുമാധവൻ | | | | |
| 3 | SO108/18 – കുമരംപുത്തൂർ ചെറുമണിക്കാട് റോഡ് | 7/26.8.17 -764539<br>35(a)/16-17 | SS1 – 832.71<br>VG-30 – 3427.17<br>RS1 – 414.59 | 5<br>22<br>3 |
| | | | ആകെ | 30 |
| കരാറുകാരൻ - ശ്രീ കെ.പി. ജോയ് | | | | |
| 4 | SO100/18 – മുടപ്പല്ലൂർ കുന്നപറമ്പ് നായ്ക്കർകാട് റോഡ് | 41/9.2.18 – 490521<br>47/16-17 | SS1 – 624.75<br>VG-30 – 1550.85<br>RS1 – 202.13 | 4<br>10<br>2 |
| ആകെ | | | | 16 |
| കരാറുകാരൻ - ശ്രീ സി. വിജയരാഘവൻ | | | | |
| 5 | 64/18 – കൊല്ലയംകാട് ചാത്തമംഗലം റോഡ് | 42/9.2.18-610979<br>1/17-18 | SS1 – 1067.77<br>RS1 – 345.46<br>VG30 – 2650.58 | 6<br>2<br>17 |
| | | | ആകെ | 25 |
| കരാറുകാരൻ - ശ്രീ നിഖിൽ സി.കെ | | | | |
| 6 | SO116/18 – കല്ലംകോട് കുണ്ടിലിടിവ് റോഡ് | 45/14.2.18 – 494859<br>49/16-17 | SS1 - 817.11<br>RS1 – 264.36<br>VG30 – 2028.35 | 5<br>2<br>13 |
| | | | ആകെ | 20 |
| കരാറുകാരൻ - ശ്രീ എ.ശശി | | | | |
| 7 | SO117/18 പഴതറ ഗായത്രിപ്പുഴ റോഡ് | 7/30.6.17-450730<br>33/16-17 | VG30 – 4705.57<br>RS1 – 481.11 | 30<br>2 |
| | | | | 32 |

ബാരലിന്റെ വില @ 250/-നിരക്കിൽ താഴെ പറയുന്ന കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

ശ്രീ. സി. പ്രസാദ്- 250 x 11 = 2750

- ശ്രീ. വി.ഗണേശൻ -250 x 9 = 2250
- ശ്രീ. സേതുമാധവൻ - 250 x 30 = 7500
- ശ്രീ കെ.പി. ജോയ് - 250 x 16 = 4000
- ശ്രീ സി. വിജയരാഘവൻ - 250 x 25 = 6250
- ശ്രീ നിഖിൽ സി.കെ - 250 x 20 = 5000
- ശ്രീ എ.ശശി - 250 x32 = 8000

ആകെ ഈടാക്കേണ്ടത് = 35750/-

35750/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/14.5.2019) തുക കരാറുകാരിൽ നിന്ന് ഈടാക്കുന്നതാണെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്.

# 3-11 HADA പച്ചക്കറി യൂണിറ്റ്, സ്റ്റോർ റൂം ഇലക്ട്രിഫിക്കേഷൻ - കെട്ടിടം നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിക്കുന്നില്ല

പ്രൊജക്ട് നം - 130/18

അടങ്കൽ - 128000

ചെലവ് - 127983 (ബിൽ നം - 43/9.2.18)

നിർവ്വഹണം - അസി.എക്സി. എഞ്ചിനീയർ

HADA (മലയോര വികസന ഏജൻസി) നെന്മാറ ബ്ലോക്ക് പഞ്ചായത്തിൽ പച്ചക്കറി ഔട്ട് ലെറ്റ് യൂണിറ്റ് തുടങ്ങുന്നതിനായി സ.ഉ (എം.എസ്) നം-13/പ്ലാനിങ്ങ് തീയതി 16.02.2013 പ്രകാരം 26 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ അസി.എക്സി. എഞ്ചിനീയർ മുഖേന14,72033/-രൂപ കെട്ടിട നിർമ്മാണത്തിനായും, 798648/-രൂപ

പഴം, പച്ചക്കറി കൃഷിക്ക് കൃഷി അസി. ഡയറക്ടർ മുഖേനയും മുൻ വർഷങ്ങളിൽ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക 3,29319/-രൂപ 25.03.2019 ന് പശ്ചിമഘട്ട സെൽ, ജോയിന്റ് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

പ്രസ്തുത കെട്ടിടത്തിന്റെ സ്റ്റോർ റൂം ഇലക്ട്രിഫിക്കേഷൻ എന്ന പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷം 127983/- രൂപ വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. കെട്ടിടം നിലവിൽ പച്ചക്കറി ഔട്ട് ലെറ്റ് യൂണിറ്റ് ആയി പ്രവർത്തിക്കുന്നില്ല എന്ന് നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടു. മേൽ കെട്ടിടത്തിന്റെ ഭൗതിക സാഹചര്യങ്ങൾ ഔട്ട് ലെറ്റിന്റെ പ്രവർത്തനങ്ങൾക്ക് സജ്ജമായിട്ടുള്ളതിനാൽ കെട്ടിടം ഉദ്ദേശലക്ഷ്യത്തിന് വിനിയോഗിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-12 എ.ഇ.ഇ ഓഫീസിലേക്ക് കമ്പ്യൂട്ടർ, സ്ക്കാനർ, ഫോട്ടോ സ്റ്റാറ്റ് മെഷീൻ, അലമാര വാങ്ങൽ - ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല, സാമഗ്രികൾ സ്റ്റോക്കിലെടുത്തിട്ടില്ല

നിർവ്വഹണം - അസി.എക്സി. എഞ്ചിനീയർ

പ്രൊജക്ട് നം - 92/18

അടങ്കൽ - 300000 (മെയ്ന്റനൻസ് ഗ്രാന്റ് - റോഡിതരം)

ചെലവ് - 300000 (ബിൽ നം - 76/23.03.18)

സാമ്പത്തിക വർഷം എ.ഇ.ഇ ഓഫീസിലേക്ക് കമ്പ്യൂട്ടർ, സ്കാനർ, ഫോട്ടോ സ്റ്റാറ്റ് മെഷീൻ, അലമാര എന്നിവ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്, പാലക്കാടിൽ നിന്ന് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം - PKDBC/0000309/13.03.18, PKDBC/0000285/13.03.18). മേൽ പദ്ധതിക്ക് ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിനെ തെരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുള്ളത്.

സ.ഉ (സാധാ) നം 665/2017/ഫിൻ/28.01.2017 പ്രകാരം ടി സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ 31.03.17 വരെയാണ് അക്രഡിറ്റേഷൻ ഉള്ളത്. പിന്നീട് സ.ഉ(പി) നം 29/2018/ഫിൻ 28.02.18 പ്രകാരം കെ.എസ്.ഐ.ഇ ക്ക് പൊതു സിവിൽ പ്രവർത്തികൾക്ക് പി.എം.സി (Project

management consultant) ആയി പ്രവർത്തിക്കുന്നതിനുള്ള അക്രഡിറ്റേഷൻ മാത്രമാണ് സർക്കാർ നൽകിയിട്ടുള്ളത്.

ടെണ്ടർ നടപടികൾ കൂടാതെ മേൽ സ്ഥാപനത്തെ തെരഞ്ഞെടുത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 19/14.05.19) സാമഗ്രികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനാണ് മേൽ സ്ഥാപനത്തിൽ നിന്നും പർച്ചേസ് നടത്തിയത് എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുള്ളത്. ആയത് അംഗീകരിക്കാവുന്നതല്ല. പർച്ചേസ് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി യാതൊരു തീരുമാനവും എടുത്തിട്ടില്ല. ഭാവിയിൽ വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

വാങ്ങിയ സാമഗ്രികൾ സ്റ്റോക്കിലെടുത്തിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വാങ്ങിയ സാമഗ്രികൾ | എണ്ണം | തുക |
|---|---|---|---|
| ഇൻവോയ്സ് നം - PKDBC/0000309/13.3.18 | | | |
| | സ്റ്റീൽ അലമാര6 1/2x3x1 1/2 with 4 panel(20G) | 2 | 17000 |
| ഇൻവോയ്സ് നം - PKDBC/0000285/13.3.18 | | | |
| Canon IR 2004with platen cover | | 1 | 59400.5 |
| Stabilizer Everest 4KV | | 1 | 2136.2 |
| Pearl stand for Photo copier | | 1 | 4275.2 |
| Desktop Computer Acer i3 processor, 4GB RAM 1TB HDD DVD RW, 18.5” | | 4 | 160408.84 |
| Scanner Cannon | | 1 | 3898.31 |
| UPS-V - Guard | | 4 | 9711.88 |

മേൽ സാമഗ്രികൾ നമ്പറിട്ട് സ്റ്റോക്കിലെടുക്കേണ്ടതാണ്. സർക്കുലർ നം. 86/2010/ ഫിൻ തീയതി 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. സാമഗ്രികൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കുന്നതു വരെ ചെലവ് തുക 300000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-13 ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയ എെ.എ.വൈ/ പി.എം.എ.വൈ സ്പിൽ

# ഓവർ വീടുകളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

നിർവ്വഹണം – സെക്രട്ടറി

മുൻ വർഷങ്ങളിലെ IAY /PMAYപദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കളെ 2017-18സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ലൈഫ് ഒന്നാം ഘട്ട പദ്ധതികളിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 121 | ലൈഫ് മിഷൻ തുക വകയിരുത്തൽ - എസ്.സി.പി | 24921071 | 11421071 |
| 2 | 140 | ലൈഫ് മിഷൻ തുക വകയിരുത്തൽ - ടി.എസ്.പി | 640272 | 640272 |

ക്രമ നം - 1,2 പ്രകാരമുള്ള ലൈഫ് ഒന്നാം ഘട്ട പദ്ധതികളിൽ വിവിധ ഗഡുക്കൾ കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ വിവരം/പഞ്ചായത്ത് | IAY പദ്ധതിയിൽ ഉൾപ്പെട്ട വർഷം | ലൈഫ് പദ്ധതിയിൽ അർഹതപ്പെട്ട തുക | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | കണ്ണൻ, S/o ചാമി,<br>തെങ്ങുംപാടം,<br>ഒലിപ്പാറ,കയറാടി | 2010-11 | 500000 | 135000 |
| 2 | സത്യഭാമ, W/o കണ്ണൻ,<br>കോപ്പൻകുളമ്പ്, കയറാടി | 2015-16 | 334000 | 50000 |
| 3 | ദിവ്യ, W/o ജയൻ,<br>കൊല്ലങ്കോട്ടുകുളമ്പ്,<br>നെന്മാറ | 2012-13 | 289000 | 210000 |
| 4 | പ്രേമ, W/o ഹരിദാസ്,<br>നെടുവിലക്കളം, പല്ലശ്ശന | 2014-15 | 362666 | 227500 |
| 5 | ദൈവാനി, പടിഞ്ഞാറെത്തറ, | 2010-11 | 353333 | 250000 |

| | | | | |
|---|---|---|---|---|
| | ചിറ്റടി | | | |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-14 അങ്കണവാടികളിൽ ഔട്ട് ഡോർ കളിസ്ഥല നിർമ്മാണം- വാങ്ങൽ നടപടികൾ സംബന്ധിച്ച്

2017-18 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അങ്കണവാടികളിലേക്ക് പുറം വാതിൽ കളിയുപകരണങ്ങൾ (14 അങ്കണവാടികൾക്ക് ഒന്ന് വീതം മെരിഗോ റൗണ്ട്( 4 സീറ്റ്), കിഡ്സ് സ്വിംഗ് ( 2 സീറ്റ്), സ്ലൈഡ് (5 അടി) വാങ്ങി സ്ഥാപിക്കുന്നതിനായി ശിശുവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം, പേര് ; 6/17-18, അങ്കണവാടികളിൽ ഔട്ട് ഡോർ കളിസ്ഥല നിർമ്മാണം.
അടങ്കൽ തുക ; 700000 രൂപ.
ചിലവ് തുക : 557200 രൂപ.
ബിൽ നം. 13, തിയതി. 28.03.2018
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ഭരണസമിതിയ്ക്ക് ശുപാർശ ചെയത് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ കളിയുപകരണങ്ങളുടെ വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത് പ്രൊക്യൂർമെന്റ് കമ്മിറ്റിയിലൂടെയല്ല. ഭരണസമിതിയുടെ 07.02.2018 തിയതിയിലെ തീരുമാനം നം. 1 പ്രകാരം ശിശുവികസന ഓഫീസറുടെ താരതമ്യ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഭരണസമിതി അംഗീകരിച്ച് സാധനങ്ങൾ വാങ്ങിനൽകിയിരിക്കുന്നത്. ടെന്ററിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ ആർട്കോ പാലാരിവട്ടം എന്ന സ്ഥാപനത്തിൽ നിന്ന് 14 അങ്കണവാടികൾക്ക് ഒന്ന് വീതം മെരിഗോ റൗണ്ട്, കിഡ്സ് സ്വിംഗ്, സ്ലൈഡ് എന്നിവ നൽകിയിരിക്കുന്നത് സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരമല്ലാതെ വാങ്ങൽ നടപടികൾ സ്വീകരിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 13.5.2019ന് നൽകിയ മറുപടിയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അറിവോടെയല്ലാതെ വാങ്ങൽ നടപടികൾ സ്വീകരിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിലേക്കുള്ള വാങ്ങൽ നടപടികൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരമായിരിക്കേണ്ടതാണ്.

# 3-15 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- ചിലവഴിക്കാത്ത തുക തിരിച്ചടയ്ക്കേണ്ടതാണ്

നെന്മാറ ബ്ലോക്ക് പരിധിയിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം ആറ് ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. പേര് : 73/2017-18, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ/ ബത്ത നൽകൽ

അടങ്കൽ : 782200 രൂപ. (വികസന ഫണ്ട്- ജനറൽ)

ചെലവ് : 700000 രൂപ.

ബിൽ നം/ തിയതി- 4/ 21.12.2017, തുക- 500000 രൂപ.

ബിൽ നം/ തിയതി- 7/ 25.01.2018, തുക- 200000 രൂപ.

<u>ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകകളുടെ വിവരം</u>

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തുകൾ | തുക |
|---|---|---|
| 1 | എലവഞ്ചേരി | 83333 |
| 2 | പല്ലശ്ശന | 83333 |
| 3 | വണ്ടാഴി | 83333 |
| 4 | മേലാർകോട് | 83333 |
| 5 | അയിലൂർ | 183333 |
| 6 | നെന്മാറ | 183335 |

ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം കൈമാറിയതിന്റെ വിനിയോഗ വിവരം, കൈപ്പറ്റ് രശീതികൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ 10.05.2019 തിയതിയിലെ 6/2017-18 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ വണ്ടാഴി ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പിനായി നൽകിയ 83,333 രൂപയിൽ 20,000 രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. ആയതിന്റെ ബാക്കി തുകയായ 63,333 രൂപ സഞ്ചിത നിധിയിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-16 പദ്ധതി രൂപീകരണം- വ്യവസായ വികസനം, പട്ടികജാതി വികസനം എന്നീ മേഖലയെ പരിഗണിച്ചില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 172ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെട്ട പട്ടികജാതി വികസന മേഖലകളിൽ കൈമാറികിട്ടിയ നിർവഹണ ഉദ്യോഗസ്ഥർ നിലവിലുണ്ടായിട്ടും 2017-18 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. കൂടാതെ ചെറുകിട വ്യവസായ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന് ചുമതലകൾ നിർവ്വഹിക്കുവാനുണ്ട്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, ചെറുകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക, വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക തുടങ്ങിയവയാണവ. നെന്മാറ ബ്ലോക്ക് പഞ്ചായത്തിൽ മേൽ പറഞ്ഞ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ ഉണ്ടായിട്ടും പ്രസ്തുത മേഖലയിലും പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുടർ വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എല്ലാ മേഖലകളിലും വികസന ഫണ്ട് ചെലവഴിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതും, പദ്ധതി പ്രവർത്തനങ്ങളിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പങ്കാളിത്തം ഉറപ്പാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം 10, 11 തിയതി. 13.05.2019)

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പെടെ ആകെ | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2017-18 | 2343950 | 8764660 | ഐ.എ.വൈ | 3728021 | 5036639 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 9203705 | 26659344 | ഐ.എ.വൈ | 18600722 | 8058622 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2204940 | - | പി.എം.എ.വൈ | 95000 | 2109940 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

# 4-5 സ്ഥിര നിക്ഷേപം

മുന്നിരിപ്പ് - 1000000 (പാലക്കുഴി ജലവൈദ്യുതപദ്ധതിക്ക് ബ്ലോക്ക് വിഹിതം - 2012-13 ൽ ജില്ലാ പഞ്ചായത്തിന് കൈമാറിയത്)

തൻവർഷത്തെ നിക്ഷേപം - ഇല്ല

പിൻവലിച്ച തുക - ഇല്ല

നീക്കിയിരുപ്പ് - 1000000

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നും തന്നെ ഇല്ല.

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 150182390 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 145026887 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3886 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 35750 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 300000 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3886 | | ശ്രീ എസ്.മണികണ്ഠൻ, സെക്രട്ടറി |
| 3-10 | | 35750 | ശ്രീ കെ.മനോജ്കുമാർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-12 | 300000 | ശ്രീ കെ.മനോജ്കുമാർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ കെ. മനോജ്കുമാർ, അസി.എക്സി. എഞ്ചിനീയർ | അസി.എക്സി. എഞ്ചിനീയർ<br>നെന്മാറ ബ്ലോക്ക് പഞ്ചായത്ത് | അമ്പാടി ഹൗസ്,<br>പൊന്നുകെട്ടിയപാടം,<br>കൊല്ലങ്കോട് – പാലക്കാട്-678506 |
| ശ്രീ എസ്.മണികണ്ഠൻ, ജോയിന്റ് ബി.ഡി.ഒ | ജോയിന്റ് ബി.ഡി.ഒ, ഒറ്റപ്പാലം ബ്ലോക്ക് | കോഴിക്കൽ പറമ്പിൽ ഹൗസ്,ആണ്ടിത്തറ, |

| | | |
|---|---|---|
| | പഞ്ചായത്ത് | കിഴക്കുമുറി (പി.ഒ),<br>നെന്മാറ – 678508 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP10/1121/01/31.10.01 | 6 (1995-96 മുതൽ 1997-98 വരെ) |
| 1997-98 | LFP10/993/02/12.11.12 | - |
| 1998-99 | LFP6/785/05/16.6.06 | - |
| 1999-00 | LFP8/1840/08/7.6.10 | - |
| 2000-01 | LFP8/1841/08/7.6.10 | 15 |
| 2001-02 | LFP13/198/05/16.12.05 | 3 |
| 2002-03 | LFP8/1843/08/6.9.10 | 4 |
| 2003-04 | LFP8/1843/08/6.9.10 | 4 |
| 2004-05 | LFP8/1844/08/6.9.10 | 4 |
| 2005-06 | LFP8/1272/11/7.2.12 | 3 |
| 2006-07 | LFP8/1290/11/ 2.2.12 | 3 |
| 2007-08 | LFP8/1290/11(1)/3.2.12 | 0 |
| 2008-09 | LFP8/2057/12/31.12.12 | 0 |
| 2009-10<br>2010-11 | LFP8/786/13/31.12.13 | 14 |
| 2011-12 | LFP8/2242/14/9.4.15/6.6.15 | 17 |
| 2012-13,<br>2013-14,<br>2014-15 | കെ.എസ്.എ-പി.കെ.ഡി/8-229/16<br>തീയതി-04-04-2016 | 14 |
| 2015-16 | കെ.എസ്.എ-പി.കെ.ഡി/8-338/17<br>തീയതി-10-04-2017 | 4 |
| 2016-17 | കെ.എസ്.എ-പി.കെ.ഡി/8-2098/17<br>തീയതി 21.11.2017 | 5 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നെന്മാറ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിലെ ന്യൂനതകൾ

1) തൻവർഷ കുടിശ്ശിക തുകകൾക്ക് Income And Expenditure Account ൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

2) ആസ്തികൾക്ക് Income And Expenditure Account ൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

3) ആസ്തി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിച്ചിട്ടില്ല ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 ൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2 വിവിധ പത്രികകൾ

| | | | |
|---|---|---|---|
| RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 36702659.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 140000000 | Fees & User Charges | RP-4 | 22106.00 |
| 150000000 | Sale & Hire Charges | RP-5 | 42080.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 77885829.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 71223169.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 13521.00 |
| 340000000 | Deposits Received | RP-34 | 2198.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1340.00 |
| 460000000 | Loans, Advances and Deposits | RP-47 | 992147.00 |
| | **Grand total** | | **186885049.00** |
| | PAYMENTS | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 1958581.00 |
| 220000000 | Administrative Expenses | RP-12 | 782515.00 |
| 230000000 | Operations & Maintenance | RP-13 | 369321.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 14758891.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 72381673.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3243402.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 819420.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 2955860.00 |
| 280000000 | Prior Period item | RP-26 | 548785.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 234187.00 |
| 350000000 | Other Liabilities | RP-36 | 277511.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 42.00 |
| 350000000 | Other Liabilities | RP-36 | 29033.00 |

| | | | |
|---|---|---|---|
| 00000 | Fixed Assets | RP-38 | 13632896.00 |
| 412000000 | Capital work in Progress | RP-40 | 17752370.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 14385926.00 |
| 460000000 | Loans, Advances and Deposits | RP-47 | 896474.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 41858162.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **186885049.00** |

INCOME & EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 140000000 | Fee & User Charges | I-4(b) | 22106.00 |
| 150000000 | Sale & Hire Charges | I-5(b) | 42080.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 98627077.00 |
| 180000000 | Other Income | I-9 | 13521.00 |
| | **Total Income** | | **98704784.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 1958581.00 |
| 220000000 | Administrative Expenses | I-11(b) | 782515.00 |
| 230000000 | Operations & Maintenance | I-12(b) | 369321.00 |
| 240000000 | Interest & Finance Charges | I-13 | 42.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 14818225.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 72628883.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme- Infrastructure Sector | I-14(b) | 3298057.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | I-14(c) | 819420.00 |
| 255000000 | Maintenance Projects | I-14(e) | 2955860.00 |
| | **Total Expenditure** | | **97630904.00** |
| | **Gross Surplus/ Deficit of income over Expenditure** | | **1073880.00** |
| 280000000 | Prior Period Item | I-18 | 548785.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **525095.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

BALANCE SHEET

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 6131429.00 |
| 312000000 | Reserves | B-3 | 151958366.00 |
| | **Total Reserve & Surplus** | | **158089795.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 51248188.00 |
| | **Total Grants, Contributions for Specific Purposes** | | **51248188.00** |
| | **Loans** | | |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 2198.00 |
| 350000000 | Other Liabilities | B-9 | 0.0 |
| | **Total Current Liabilities and Provisions** | | **2198.00** |
| | **TOTAL LIABILITIES** | | **209340181.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 148192133.00 |
| 412000000 | Capital Work in Progress | B-11(a) | 3766233.00 |
| | **Total Fixed Assets** | | **151958366.00** |
| | **Investments** | | |
| | | | |

| | | | |
|---|---|---|---|
| 420000000 | Investments-General Fund | B-12 | 1000000.00 |
| | **Total Investments** | | **1000000.00** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 14385926.00 |
| 450000000 | Cash and Bank Balance | B-17 | 41858162.00 |
| 460000000 | Loand, Advances and Deposits | B-18 | 137727.00 |
| | **Total Current Assets, Loans and Advances** | | **56381815.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | TOTAL ASSETS | | **209340181.00** |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.